# മഹാത്മാഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 9

# വാർത്താക്കുറിപ്പ്

## പഠന ഗവേഷണ മേഖലകളിൽ സഹകരണം: എം.ജി.-റബ്ബർ ബോർഡ് ധാരണാപത്രം

പഠനഗവേഷണ പ്രവർത്തനങ്ങളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനും അതിനായി സാങ്കേതിക ജ്ഞാനവും വൈദഗ്ധ്യവും അടിസ്ഥാന സൗകര്യങ്ങളും പരസ്പരം പങ്കു വെയ്ക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലയും റബ്ബർ ബോർഡും തമ്മിൽ ധാരണയായി. ഇതു സംബന്ധിച്ച ധാരണാ പത്രത്തിൽ സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ ബി. -യും റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ രാഘവനും ഒപ്പ് വച്ചു. സർവ്വകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ പ്രൊഫ. സാബു തോമസ് സന്നിഹിതനായിരുന്നു.

റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻ.ഐ.ആർ.ടി.), റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ (ആർ.ആർ.ഐ.ഐ.) എന്നിവയുമായി സഹകരിച്ച് ഫലപ്രദമായ ഗവേഷണ-പരിശീലന പരിപാടികൾ വികസിപ്പിക്കുക എന്നതാണ് ധാരണാപത്രം മുഖ്യമായും ലക്ഷ്യമിടുന്നത്.

പരസ്പര സഹകരണത്തോടെ ശരിയായി ആസൂത്രണം ചെയ്ത ഗവേഷണ പദ്ധിതികൾക്ക് രൂപം നൽകാനും ഇതിനാവശ്യമായ പഠന-ഗവേഷണ സൗകര്യങ്ങളും, മാനവശേഷിയുൾപ്പെടെയുള്ള കാര്യങ്ങളും പരസ്പരം കൈമാറാനും തീരുമാനമായി.

താത്പര്യമുള്ള വിഷയങ്ങളിൽ ഹ്രസ്വകാല പഠന പരിപാടികൾ സംയുക്തമായി തുടങ്ങുന്നതിനും സെമിനാറുകൾ, ശിൽപശാലകൾ കോൺഫറൻസുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും നടപടിയുണ്ടാകും. റബ്ബർ കർഷകർക്ക് സഹായകമാകുന്ന വിധത്തിൽ ഫാം ടൂറിസം വികസിപ്പിച്ചെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നത് സംബന്ധിച്ചും ഇരു സ്ഥാപനങ്ങളും ധാരണയായിട്ടുണ്ട്.

റബ്ബർ ബോർഡുമായി തുടർന്നുവരുന്ന സഹകരണം പഠന-ഗവേഷണ പ്രവർത്തനങ്ങളിൽ സർവ്വകലാശാലയ്ക്ക് കൂടുതൽ ഊർജ്ജം പകരുന്നതാണെന്ന് ചടങ്ങിൽ സംസാരിച്ച പ്രൊഫ. സാബു തോമസ് പറഞ്ഞു. ധാരണാ പത്രം സർവ്വകലാശാലയുടെ അക്കാദമിക സമൂഹത്തിന് മുന്നിൽ പുതിയ അവസരങ്ങൾ തുറന്നു തരുന്നതായിരിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

ഗവേഷണ പഠന രംഗത്ത് മഹാത്മാഗാന്ധി സർവ്വകലാശാലയുമായുള്ള സഹകരണം റബ്ബർ ബോർഡ് ഏറെ പ്രതീക്ഷയോടെയാണ് കാണുന്നതെന്ന് റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ പറഞ്ഞു. റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെയും ആത്യന്തികമായി, റബ്ബർ കർഷകരുടെയും ഉന്നമനത്തിനുള്ള ഗവേഷണ പദ്ധതികൾക്കാണ് റബ്ബർ ബോർഡ് മുൻഗണന നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസ് മേധാവി ഡോ. കെ. ജയചന്ദ്രൻ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, റബ്ബർ ബോർഡ് ഗവേഷണവിഭാഗം ഡയറക്ടർ ഡോ. എം.ഡി. ജെസ്സി, പരിശീലന വിഭാഗം ഡയറക്ടർ പി. സുധ, ആർ.ആർ.ഐ.ഐ. ജോയിന്റ് ഡയറക്ടർ ഡോ. സിബി വർഗീസ്, പബ്ലിക് റിലേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ കെ.ജി. സതീഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

( ഫോട്ടോ ക്യാപ്ഷൻ:

പഠന-ഗവേഷണ പ്രവർത്തനങ്ങളിലെ സഹകരണത്തിനായി ഒപ്പുവച്ച ധാരണാപത്രം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസും, റബ്ബർ ബോർഡ് എറ്റിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവനും പരസ്പരം കൈമാറുന്നു.

(പി.ആർ.ഒ/39/1520/2021)

## കെ. ജയകുമാറിന്റെ പ്രഭാഷണം നാളെ (ഡിസംബർ 11)

മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള പ്രഭാഷണ പരമ്പരയുടെ ഭാഗമായി മുൻ ചീഫ് സെക്രട്ടറിയും, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ സ്ഥാപക വൈസ് ചാൻസലറും കവിയും ഗനരചയിതാവുമായ കെ. ജയകുമാർ സംസാരിക്കുന്നു.

"യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ മാറുന്ന മാനങ്ങൾ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഓൺലൈനായി സംഘടിപ്പിച്ചിട്ടുള്ള പരിപാടിയിൽ https://www.facebook.com/Mahatma-Gandhi-University-Library-1119784377850110 എന്ന ഫെയ്സ്ബുക്ക് പേജ് മുഖേനയും htttip://meet.google.com/ycp-dvpm-hsy) എന്ന ഗൂഗിൾ മീറ്റ് ലിങ്ക് വഴിയും. പങ്കെടുക്കാം.

വിശദവിവരങ്ങൾക്ക് ഫോൺ നം: 9446238800 (ബിനി ബി. പിള്ള)

(പി.ആർ.ഒ/39/1521/2021)

## ശ്രീ നാരായണ ഗുരു ചെയർ ഉദ്ഘാടനം ഇന്ന് (ഡിസംബർ 10)

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതുതായി ആരംഭിക്കുന്ന ശ്രീ നാരായണ ഗുരു ചെയറിന്റെ ഉദ്ഘാടനം ഇന്ന് (ഡിസംബർ 10) വൈകിട്ട് ആറിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവ്വഹിക്കും.

'സംസ്കൃത വത്കരണത്തിന്റെ സാധൂകരണവും കേരളത്തിലെ ശ്രീ നാരായണ ഗുരു പ്രസ്ഥാനങ്ങളും' എന്ന വിഷയത്തെക്കുറിച്ച് ചെയർ പ്രൊഫസർ പ്രൊഫ. ജാനകി എബ്രഹാം പ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ചടങ്ങിൽ സംസാരിക്കും. ചെയർ കോ-ഓർഡിനേറ്റർ ഡോ. ബിജു ലക്ഷ്മണൻ സ്വാഗതവും ഡോ. രാജേഷ് മണി നന്ദിയും പറയും.

ചെയർ പ്രൊഫസറായി തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. ജാനകി എബ്രഹാമിൻ്റേത് ലിംഗ-ജാതി വിവേചനങ്ങൾക്കെതിരായ പോരാട്ടങ്ങളിലൂടെ ശ്രദ്ധേയയായ വ്യക്തിത്വമാണ്. നിരവധി പുസതകങ്ങളും ഗ്രന്ധങ്ങളും രചിച്ചിട്ടുള്ള അവർ ശ്രീനാരായണ പ്രസ്ഥാനങ്ങളെ കുറിച്ചും ഗരുദേവൻ്റെ സംഭാവനകളെ കുറിച്ചും ആഴത്തിൽ പഠനം നടത്തിയിട്ടുണ്ട്.

(പി.ആർ.ഒ/39/1522/2021)

## പരീക്ഷ മാറ്റി

ഡിസംബർ 10, 13 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ യഥാക്രമം ഡിസംബർ 20, 22 തീയതികളിലേക്ക് പുനഃ ക്രമീകരിച്ചു.

(പി.ആർ.ഒ/39/1523/2021)

ഡിസംബർ 21, 23 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ യഥാക്രമം 2022 ജനുവരി 7, 10 തീയതികളിലേക്ക് പുനഃ ക്രമീകരിച്ചു.

(പി.ആർ.ഒ/39/1524/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ